## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ്ഭവൻ
## തിരുവനന്തപുരം.

(ഹാജർ : സുനിൽ കുമാർ. എ.എം)

വിഷയം :- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി പി.വി. ശ്രീരാജിക്ക് ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1. 30.01.2018 ലെ വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ഇ(2) 795/2018-ാം നമ്പർ ഉത്തരവ്

2. ശ്രീമതി ലൈല ജോസഫ്, ഫെയർ കോപ്പി സൂപ്രണ്ടിന്റെ 18.01.2017 ലെ സ്ഥലം മാറ്റ അപേക്ഷ

**ഉത്തരവ് നം.എസ് എ (2) 27173/17 തീയതി: 01 .02.2018**

പരാമർശം (1) പ്രകാരം വയനാട് ജില്ലയിൽ ഫെയർ കോപ്പി സൂപ്രണ്ടായി ജോലി ചെയ്തിരുന്ന ശ്രീ. ഇ.കെ പ്രഭാകരൻ 31.01.2018 ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ എത്രയും വേഗം നിയമനം നടത്തണമെന്ന് വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീമതി ലൈല ജോസഫ്, പരാമർശം (2) ലെ അപേക്ഷ പ്രകാരം വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലുണ്ടാകുന്ന ഒഴിവിലേക്ക് ടിയാൾക്ക് സ്ഥലം മാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീമതി ലൈല ജോസഫിനെ വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ സ്ഥലം മാറ്റം നൽകി നിയമിച്ചുകൊണ്ടും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഏറ്റവും സീനിയറായ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ശ്രീമതി പി.വി. ശ്രീരാജി-യെ 30700-65400/- രൂപ ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി ലൈലാ ജോസഫ്, ഫെയർകോപ്പി സൂപ്രണ്ട് വഹിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി ജുബൈറാ ബീവി നിർവ്വഹിക്കേണ്ടതാണ്.

ഉദ്യോഗകയറ്റം / സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ 15 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതും, ജോലിയിൽ പ്രവേശിച്ച/വിടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ

1. ശ്രീമതി ലൈല ജോസഫ്, ഫെയർ കോപ്പി സൂപ്രണ്ട്
2. ശ്രീമതി പി.വി. ശ്രീരാജി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
3. ശ്രീമതി. എസ്. ജുബൈറാബീവി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്.

പകർപ്പ് :-

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.ടി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. ഡയറക്ടറുടെ പി.എസ്സ്/ എസ്.എ.ഒ യുടെ സി.എസ്സ്
4. ഒ &എം സെക്ഷൻ /പി.ആർ സെക്ഷൻ /ഓഡിറ്റ് സെക്ഷൻ / അക്കൗണ്ട്സ് സെക്ഷൻ
5. സംഭരണ ഫയൽ / കരുതൽ.

H.V 31.1.18

Junior Superintendent
SA Section.
Directorate of Agriculture
Thiruvananthapuram - 33